## പതിനാലാം കേരള നിയമസഭ

### പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 2486

06.12.2018 ൽ മറുപടിക്ക്

### കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.ഹൈബി ഈഡൻ :** | | **ശ്രീ.ഇ.പി.ജയരാജൻ (വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പ് മന്ത്രി)** |
| (എ) | കൊച്ചി-ബെംഗളൂരു വ്യവസായ ഇടനാഴി സ്ഥാപിക്കുന്നത് സംബന്ധിച്ച നിർദ്ദേശങ്ങൾ ഏത് ഘട്ടത്തിലാണ്; | **(എ) (ബി) & (സി)** | കൊച്ചി മുതൽ ബാംഗ്ലൂർ വരെ ഒരു വ്യവസായ ഇടനാഴി രൂപീകരിക്കുന്നതിനും ഇതിൽ കൊച്ചി മുതൽ പാലക്കാട് വരെയുള്ള പ്രദേശം ഒരു ഹൈടെക്ക് വ്യവസായ ഇടനാഴിയായി വികസിപ്പിക്കുന്നതിനും സംസ്ഥാന സർക്കാർ ഒരു അപേക്ഷ കേന്ദ്ര സർക്കാരിലേക്ക് സമർപ്പിച്ചിരുന്നു. തുടർന്ന്, വ്യവസായ ഇടനാഴികളുടെ രൂപീകരണത്തിനായി ചുമതലപ്പെടുത്തിയിട്ടുള്ള **നാഷണൽ ഇൻഡസ്ട്രിയൽ കൊറിഡോർ ഡെവലപ്മെന്റ് ആന്റ് ഇംപ്ലിമെന്റേഷൻ ട്രസ്റ്റ്** (NICDIT) ന് പ്രസ്തുത പദ്ധതിയുടെ വിവരങ്ങൾ സമർപ്പിക്കാൻ കേന്ദ്ര സർക്കാർ നിർദ്ദേശിച്ചു. അതിന്റെ അടിസ്ഥാനത്തിൽ പദ്ധതി രൂപരേഖ NICDIT-ന് സമർപ്പിക്കുകയും ഇതേത്തുടർന്ന് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ പ്രാഥമിക രൂപരേഖ തയ്യാറാക്കുന്നതിനായി ഒരു വിദഗ്ധോപദേശ ഏജൻസിയെ നിയമിക്കുകയും ചെയ്തു. പ്രസ്തുത പദ്ധതിയുടെ രൂപരേഖയും ഒരു കാലഘട്ടത്തിലേയ്ക്കുള്ള പദ്ധതി കാഴ്ചപ്പാടും തയ്യാറാക്കി റിപ്പോർട്ട് NICDIT ന് സർക്കാർ സമർപ്പിച്ചിട്ടുണ്ട്.<br><br>വ്യവസായ ശാലകൾ തുടങ്ങാൻ അനുമതി വേഗത്തിലാക്കി നിക്ഷേപക സൗഹൃദ മേഖലയാക്കി സ്വകാര്യ പങ്കാളിത്തം വഴിയുള്ള നിക്ഷേപത്തെ കൂടുതൽ ആകർഷിച്ചുള്ള |
| (ബി) | പ്രസ്തുത ഇടനാഴിയെ നിക്ഷേപ സൗഹൃദ മേഖലയായി വികസിപ്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നറിയിക്കാമോ; | | |
| (സി) | പ്രസ്തുത ഇടനാഴിക്ക് കേന്ദ്ര അംഗീകാരം ലഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | | |

| | | | |
|---|---|---|---|
| | | | വ്യവസായ വികസനമാണ് വ്യവസായ ഇടനാഴി സങ്കല്പത്തിലൂടെ ലക്ഷ്യമിടുന്നത്. |
| (ഡി) | ഏതൊക്കെ വ്യവസായങ്ങൾക്കാണ് പ്രസ്തുത ഇടനാഴിയിൽ പ്രാമുഖ്യം നൽകുന്നതിന് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ? | | വ്യവസായ ഇടനാഴിയുടെ ഭാഗമായി വിവിധ വ്യവസായ ക്ലസ്റ്ററുകൾ വരുന്നതിലൂടെ പുതിയ നിക്ഷേപമേഖലകൾ വികസിപ്പിക്കാൻ കഴിയുന്നതാണ്.<br><br>നൂതന ഉത്പാദന രീതികളിലേക്ക് നയിക്കുക, ഉയർന്ന വരുമാനമുള്ള തൊഴിലവസരങ്ങൾ ഉണ്ടാക്കുക, സുസ്ഥിര വികസന ലക്ഷ്യങ്ങളോടെ വികസിപ്പിക്കുക, വ്യവസായ വൽക്കരണത്തെ അടുത്ത തലത്തിലേക്ക് മാറ്റുക എന്നതു പോലുള്ള പുതിയതും ചലനാത്മകവുമായ കാര്യങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിച്ചുകൊണ്ടുള്ള വികസനമാണ് ഉദ്ദേശിക്കുന്നത്.<br><br>ഏതെല്ലാം വ്യവസായ മേഖലകളാണ് കൊച്ചി-ബംഗളൂരു ഇടനാഴിയിൽ സ്ഥാപിക്കുവാൻ സാധ്യമാവുക എന്ന് വിശദമായ പഠനത്തിലൂടെ മാത്രമേ തീരുമാനിക്കുവാൻ കഴിയുകയുള്ളൂ. കേന്ദ്ര സർക്കാരിന്റെ അനുമതി ലഭിച്ചതിനു ശേഷം മാത്രമേ വിശദ പഠന റിപ്പോർട്ട് തയ്യാറാക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ